## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 7369 17.7.2012 ന് മറുപടിയ്ക്ക്

### പുരാരേഖകളുടെ ഡിജിറ്റൈസേഷൻ സംവിധാനങ്ങൾ

ചോദ്യം
ശ്രീ.കെ . ദാസൻ

മറുപടി
ശ്രീ. കെ. സി. ജോസഫ്
ബഹു.ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി

| | |
|---|---|
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആർക്കൈവ്സുകളിൽ പുരാരേഖകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ടോ; | (എ) തെരഞ്ഞെടുക്കപ്പെട്ട രേഖകളുടെ ഡിജിറ്റൈസേഷൻ പ്രവർത്തനം നടന്നു വരുന്നു. |
| (ബി) ഡയറക്ടറേറ്റ് ഓഫ് ആർക്കൈവ്സിന് കീഴിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; അത് എവിടെയെല്ലാമാണ് ലഭ്യമായിട്ടുള്ളത് എന്നും കോഴിക്കോട് ജില്ലയിൽ എവിടെയാണ് ലഭ്യമാകുന്നതെന്നും അറിയിക്കുമോ ; | (ബി) വിവിധ വകുപ്പുകളിൽ നിന്നും സ്വകാര്യ വ്യക്തികളിൽ നിന്നും രേഖകൾ ഏറ്റെടുക്കൽ, മൂല്യ നിർണ്ണയം, സംരക്ഷണം, ചരിത്ര അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിപാടികൾ, രേഖകൾ പ്രസിദ്ധീകരിക്കുക, ഭരണ നിർവ്വഹണത്തിനും ഗവേഷകർക്കും ആവശ്യമായ രേഖകൾ ലഭ്യമാക്കുക, രേഖാ സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗ്ഗ നിർദ്ദേശം നൽകുക എന്നീ സംവിധാനങ്ങളാണ് നിലവിലുള്ളത്. ഈ സംവിധാനങ്ങൾ പുരാരേഖാ വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലാ ഓഫീസുകളിൽ ലഭ്യമാണ്. |
| (സി) കലാ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും സാംസ്കാരിക സ്ഥാപനങ്ങൾക്കും പ്രസ്തുത സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് മാർഗ്ഗരേഖകൾ ഉണ്ടോ ; | (സി) ഉണ്ട്. |
| (ഡി) ചരിത്രവസ്തുതകൾ ജനങ്ങളിലെത്തിക്കുന്നതിന് സന്നദ്ധ സംഘടനകൾ/സാംസ്കാരിക സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ആർക്കൈവ്സിൽ നിന്ന് സാമ്പത്തിക സഹായമോ പിന്തുണയോ ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ ? | (ഡി) ഇല്ല. |

Padmanabhan

സെക്ഷൻ ഓഫീസർ